## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :3887 — 21.06. 2018 ൽ മറുപടിക്ക്

# കെ.എസ്.ഇ.ബി. ലിമിറ്റഡിലെ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തിക

ചോദ്യം
ശ്രീ.എൽദോസ് പി.കുന്നപ്പിള്ളിൽ

ഉത്തരം
ശ്രീ.എം.എം.മണി
(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബി ലിമിറ്റഡിലെ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലെ 20% ഐ.റ്റി.ഐ പ്രൊമോഷൻ ക്വോട്ടയിൽ നിലവിൽ ജോലി ചെയ്യുന്നവരിൽ എത്രപേർക്കാണ് ഐ.റ്റി.ഐ വിദ്യാഭ്യാസ യോഗ്യത മാത്രം ഉള്ളതെന്ന് വെളിപ്പെടുത്തുമോ; | (എ) അസിസ്റ്റന്റ് എൻജിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ (20% ക്വാട്ട) ജോലി ചെയ്യുന്നവരിൽ 223 പേർ ഐ.ടി.ഐ വിദ്യാഭ്യാസ യോഗ്യത മാത്രം ഉള്ളവരാണ്. |
| (ബി) പ്രസ്തുത അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)മാരിൽ എത്ര പേർ റെഗുലർ ഐ.റ്റി.ഐ, എത്ര പേർ പ്രൈവറ്റ് ഐ.റ്റി.ഐ യോഗ്യത ഉള്ളവർ ആണെന്ന് തരംതിരിച്ച് നൽകുമോ; | (ബി) അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)-ന്റെ ഗ്രഡേഷൻ ലിസ്റ്റിൽ നാളിതുവരെ വിദ്യാഭ്യാസ യോഗ്യതകൾ രേഖപ്പെടുത്തുമ്പോൾ റെഗുലർ ഐ.ടി.ഐ. എന്നോ, പ്രൈവറ്റ് ഐ.ടി.ഐ എന്നോ രേഖപ്പെടുത്താറില്ല. ആയതിനാൽ പ്രസ്തുത വിവരങ്ങൾ തരം തിരിച്ച് ലഭ്യമല്ല. |
| (സി) കെ.എസ്.ഇ.ബി ലിമിറ്റഡിലെ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലെ 20% ഐ.റ്റി.ഐ പ്രൊമോഷൻ ക്വോട്ടയിൽ നിലവിൽ ഉള്ള ഒഴിവുകൾ എത്രയാണെന്നും അവയിൽ എത്രയെണ്ണമാണ്, ഐ.റ്റി.ഐ വിദ്യാഭ്യാസ യോഗ്യത മാത്രം ഉള്ളവർ സർവ്വീസിൽ നിന്നും റിട്ടയർ ആയതുമൂലമോ സർവ്വീസിൽ ഇരിക്കെ മരണപ്പെട്ടത് മൂലമോ ഉണ്ടായവ എന്നുമുള്ള വിവരം തരംതിരിച്ച് നൽകുമോ; | (സി) 30.04.2018-ലെ കണക്കുകൾ പ്രകാരം ഐ.ടി.ഐ. ക്വാട്ടയിൽ 185 ഒഴിവുകളാണ് ഉള്ളത്. പ്രസ്തുത ഒഴിവുകൾ വിരമിക്കൽ മൂലം ഉണ്ടായതാണ്. |

| | |
|---|---|
| (ഡി) സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി സേഫ്റ്റി റെഗുലേഷൻ 2010 ലെ റെഗുലേഷൻ 6 ആന്റ് 7 ൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതാ മാനദണ്ഡമായ ഡിഗ്രിയോ ഡിപ്ലോമയോ ഇല്ലാത്ത എത്ര പേരാണ് കെ.എസ്.ഇ.ബി ലിമിറ്റഡിലെ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ ഇരുന്നുകൊണ്ട് ജെനറേഷൻ, ട്രാൻസ്മിഷൻ, ഡിസ്ട്രിബ്യൂഷൻ എന്നീ വിഭാഗങ്ങളിലെ ഓപ്പറേഷൻ ജോലികൾ ചെയ്യുന്നതെന്നും മെയിന്റനൻസ് ജോലികൾ സൂപ്പർവൈസ് ചെയ്യുന്നതെന്നും വെളിപ്പെടുത്തുമോ; പ്രസ്തുത കണക്കുകൾ ഏത് തീയതി പ്രകാരം ഉള്ളതാണെന്നും വെളിപ്പെടുത്തുമോ? | (ഡി) 30.04.2018-ലെ കണക്കുകൾ പ്രകാരം ഐ.ടി.ഐ. ക്വാട്ടയിൽ സ്ഥാനക്കയറ്റം ലഭിച്ച 274 അസിസ്റ്റന്റ് എൻജിനീയർമാരാണ് കെ.എസ്.ഇ.ബി ലിമിറ്റഡിലെ വിവിധ വിഭാഗങ്ങളിൽ അതായത് ജനറേഷൻ, ട്രാൻസ്മിഷൻ, ഡിസ്ട്രിബ്യൂഷൻ എന്നീ വിഭാഗങ്ങളിൽ ജോലി ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ